78 (967) വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് നടപടി

ശ്രീ. തമ്പാനൂർ രവി :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. ബി. വിജയകുമാർ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ഡോ. എം.എ. കുട്ടപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിക്ഷാമം ഇല്ലാതാക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് കായംകുളം തെർമൽ സ്റ്റേഷന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ;

(സി) വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് കായംകുളം സ്റ്റേഷനിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി മുഴുവൻ നിശ്ചിത വിലയ്ക്ക് വാങ്ങിക്കൊള്ളണമെന്ന് വ്യവസ്ഥ ഉൾപ്പെടുത്തി കരാർ ഒപ്പു വച്ചിട്ടുണ്ടോ;

(ഡി) കായംകുളം നിലയത്തിൽ നിന്നുള്ള വൈദ്യുതിക്ക് നൽകേണ്ട നിരക്ക് ജലവൈദ്യുതിയുമായി താരതമ്യം ചെയ്യുമ്പോൾ ന്യായമായതാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ;

(ഇ) 1999 ഒക്ടോബർ 4-ാം തീയതി കായംകുളം നിലയത്തിൽ നിന്നും സംസ്ഥാനം ഉപയോഗിച്ച വൈദ്യുതിയുടെ അളവ് വെളിപ്പെടുത്തുമോ;

(എഫ്) അതേ ദിവസം ജല വൈദ്യുതി പദ്ധതിയിൽ നിന്നും ഉൽപ്പാദിപ്പിച്ച വൈദ്യുതി അതിന്റെ സ്ഥാപിത ശേഷിയുടെ എത്ര ശതമാനമായിരുന്നുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1) നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക.

2) പുതുതായി താപജലവൈദ്യുത പദ്ധതികൾ ആരംഭിക്കുക.

3) പഴക്കം ചെന്ന പദ്ധതികളുടെ നവീകരണം, ആധുനികവൽക്കരണം, ശേഷി വർദ്ധിപ്പിക്കൽ എന്നിവ നടപ്പാക്കുക.

4) കൃാപ്ടീവ് പദ്ധതികൾ അനുവദിക്കുക.

5) ഡിമാന്റ്സൈഡ് മാനേജ്മെന്റ് നടപ്പിലാക്കുക.

6) കുറ്റമറ്റ പ്രേക്ഷണ വിതരണ ശൃംഖല, തീവ്രമായ ഊർജ്ജ സംരക്ഷണ നടപടികൾ എന്നിവ പ്രാവർത്തികമാക്കുക.

(ബി) എൽ.എൽ.ജി. ഉപയോഗിച്ച് എൻ.ടി.പി.സി.യുടെ വിപുലീകരണം നടത്താൻ എൻ.ടി.പി.സി. തീരുമാനിച്ചിട്ടുള്ളതായി സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പി.പി.എ.യിലെ നിർദ്ദിഷ്ടമായ പ്ലാന്റ് ലോഡ് ഫാക്ടറിനു വിധേയമായി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി മുഴുവനും വാങ്ങാമെന്ന് 1995-ലെ പവർ പർച്ചേസ് എഗ്രിമെന്റിൽ വ്യവസ്ഥയുണ്ട്.

(ഡി) വൈദ്യുതിയുടെ വില നിശ്ചയിക്കുന്നത് പദ്ധതി ചെലവ്, ഇന്ധന വില, പ്ലാന്റിന്റെ കാര്യക്ഷമത എന്നിവയെ ആശ്രയിച്ചാണ്. ഇന്ധന വില കൂടുതലായതാണ് താപനിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വില കൂടുതലാകാൻ കാരണം.

(ഇ) 1.694 മില്യൻ യൂണിറ്റ് വൈദ്യുതി.

(എഫ്) 85 ശതമാനം പീക്ക്‌ലോഡ് സമയത്ത് ഉൽപ്പാദിപ്പിച്ചു.

79 (988) പവ്വർ പർച്ചേസ് എഗ്രിമെന്റ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ. ബാബു :
ശ്രീ. അടൂർ പ്രകാശ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യും എൻ.ടി.പി.സി.യും തമ്മിൽ കായംകുളം തെർമ്മൽ പവ്വർ പ്ലാന്റിലെ വൈദ്യുതി വാങ്ങുന്നത് സംബന്ധിച്ച് ഉണ്ടാക്കിയിട്ടുള്ള പവ്വർ പർച്ചേസ് എഗ്രിമെന്റിലെ വ്യവസ്ഥ പ്രകാരം പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതി പ്രസ്തുത പ്ലാന്റിൽ നിന്നും എടുക്കാൻ കെ.എസ്.ഇ.ബി. ബോർഡ് ബാദ്ധ്യസ്ഥരാണ് എന്നറിയിക്കുമോ;

(ബി) ഇത്രയും വൈദ്യുതി എടുക്കാത്ത പക്ഷം കെ.എസ്.ഇ.ബി., എടുക്കാനിരുന്ന ഓരോ യൂണിറ്റ് വൈദ്യുതിയും എന്തു തുക വീതം നൽകണം;

(സി) ഇത്തരത്തിൽ ഇതുവരെ വൈദ്യുതി എടുക്കാതിരിക്കുന്നതുമൂലം കെ.എസ്.ഇ.ബി., എൻ. ടി.പി.സി.ക്ക് ഒട്ടാകെ എന്തു തുക നൽകേണ്ടതുണ്ട്?

ഉത്തരം

(എ) പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതി എടുക്കാമെന്ന് കരാറിൽ വ്യവസ്ഥയില്ല.

(ബി)&(സി)പ്രസക്തമല്ല.

80 (989) വൈദ്യുതി ഉൽപ്പാദന രംഗത്ത് സ്വയംപര്യാപ്തത

ശ്രീ. വെങ്ങാനൂർ പി.ഭാസ്കരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-ാം ആണ്ടോടെ വൈദ്യുതി ഉത്പാദന രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ഏതെങ്കിലും പുതിയ പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly